(ഡി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ സാമൂഹിക സാമുദായിക മതസംഘടനകൾ, മാധ്യമങ്ങൾ തുടങ്ങിയവ സർക്കാരിന്റെ പുനരധിവാസവുമായി സഹകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) ദുരന്തത്തിൽ വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന്റെ അമ്പതു ശതമാനം സഹായമായി അനുവദിക്കുന്നതാണ്.

സുനാമിദുരന്തത്തെ തുടർന്നുള്ള പുനരധിവാസം

99 [104] ശ്രീ. വർക്കല കഹാർ:

" കെ. സി. ജോസഫ്:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെ തുടർന്നുള്ള പുനരധിവാസം പൂർത്തിയാക്കുന്നതിനുള്ള ഫൈനൽ ഡേറ്റ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പുനരധിവാസം എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പുനരധിവാസത്തിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്; അതിന് എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനരധിവാസത്തിന്റെ ആദ്യപടിയെന്നോണം വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് താൽക്കാലിക ഭവനങ്ങൾ ഫെബ്രുവരി 15-ന് മുമ്പ് നൽകാനും അവർക്ക് സ്ഥിരതാമസത്തിനായി വീടുകൾ മേയ് 15-ന് മുമ്പ് നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) താൽക്കാലിക ഭവനങ്ങൾ, സ്ഥിര ഭവനങ്ങൾ എന്നിവ നിർമ്മിക്കുന്നതിലേയ്ക്ക് വേണ്ടി സ്ഥലം കണ്ടെത്തുക, അവയുടെ നിർമ്മാണത്തിനായി വിഭവ സമാഹരണം നടപ്പാക്കുക, ദുരന്തബാധിതർക്ക് തൊഴിൽ നൽകാനും നഷ്ടപ്പെട്ട തൊഴിലുപകരണങ്ങൾ ലഭ്യമാക്കാനും വേണ്ട നടപടി സ്വീകരിക്കുക എന്നിവയാണ് അത്യാവശ്യമായി ചെയ്യേണ്ട നടപടികൾ. ഇവ നടപ്പിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെ സുനാമി ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ നടപടി

100 [105] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് സുനാമി ദുരന്തത്തിന്റെ ഭാഗമായി നാശനഷ്ടങ്ങൾ ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly